**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 751** **28-01-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയത്; ചെലവഴിച്ച തുക, പൂർത്തികരിച്ച തീയതി എന്നിവ സഹിതം വിശദവിവരം ലഭ്യമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതു വരെ ആലപ്പുഴ നിയോജക മണ്ഡലത്തിൽ വൈദ്യുത വകുപ്പ് വിതരണ വിഭാഗം മുഖേന ദ്യുതി, PPS എന്നീ പദ്ധതികളിലായി 1567.22 ലക്ഷം രൂപയുടെ വർക്കുകൾ ചെയ്തിട്ടുണ്ട്. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ ശേഷി ഉയർത്തൽ, 11 Kv & LT ലൈൻ നിർമ്മാണം, നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുക, സ്ട്രീറ്റ് ലൈൻ നിർമ്മാണം എന്നീ പ്രവർത്തികൾക്കായാണ് ടി തുക വിനിയോഗിച്ചിട്ടുള്ളത്. കൂടാതെ എം.എൽ.എ. ഫണ്ടിലൂടെ 68,588/- രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ എല്ലാ പ്രവൃത്തികളും 29.12.2025-നുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ദ്യുതി, പി.പി.എസ്. പദ്ധതികൾ പ്രകാരം ചെയ്ത വർക്കുകൾ **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു.<br><br>എം.എൽ.എ. ഫണ്ട് - 4 പോസ്റ്റും 148 മീറ്റർ ABC ഉം വലിച്ച തോട്ടത്തോട്ട മിനിമാസ്സ് ലൈറ്റിനു കണക്ഷൻ കൊടുത്തു. ചിലവഴിച്ച തുക – 68,588/- രൂപ<br><br>പ്രസരണ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ |

| ക്രമ. നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നിലവിലെ സ്ഥിത് |
|---|---|---|---|
| 1 | 66 കെ.വി. സബ്സ്റ്റേഷൻ ആലപ്പുഴ 110 കെ.വി-യിലേക്ക് ഉയർത്തുന്ന ജോലി | രൂപ 10 കോടി 0.29 ലക്ഷം | നിർമ്മാണം നടന്ന കൊണ്ടിരിക്കുന്നു |
| 2 | അനുബന്ധ ആലപ്പുഴ - പൂപ്പള്ളി ലൈൻ നിർമ്മാണം – (9 km) | രൂപ 10 കോടി 97 ലക്ഷം | നിർമ്മാണം നടന്ന കൊണ്ടിരിക്കുന്നു |

| | | | |
|---|---|---|---|
| 3 | 66 കെ.വി സബ്സ്റ്റേഷൻ പാതിരപ്പള്ളി, 10 എം.വി.എ ശേഷി വർദ്ധിപ്പിക്കൽ | രൂപ 24 ലക്ഷം | പൂർത്തീകരിച്ച 17.05.2025 |

കൂടാതെ ആലപ്പുഴ നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി Rs.32,80,000/- (മുപ്പത്തി രണ്ട് ലക്ഷത്തി എൺപതിനായിരം) രൂപ ചിലവിൽ 73 kW സ്ഥാപിത ശേഷിയിൽ 12 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ തനതു ഫണ്ട് ഉപയോഗിച്ച് കൊണ്ട് 13,50,000/- (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപ ചിലവിൽ 30 kW സ്ഥാപിത ശേഷിയിൽ ഒരു സോളാർ പ്ലാന്റും കമ്മീഷൻ ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച തീയതി 28.10.2022.

ടി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

വിശദവിവരങ്ങൾ **അനുബന്ധം-2** ആയി ചേർത്തിരിക്കുന്നു.

**<u>അനെർട്ട്</u>**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ, ചെലവഴിച്ച തുക, പൂർത്തികരിച്ച തീയതി എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം-3** ആയി ചേർത്തിരിക്കുന്നു

**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**

എനർജി മാനേജ്മെന്റ് സെന്റർ (EMC) ആലപ്പുഴ നിയമസഭാ മണ്ഡലത്തിലെ കക്കക്കായൽ പാടശേഖരത്തിൽ, പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ഊർജകാര്യക്ഷമത കുറഞ്ഞ പെട്ടി & പറ സംവിധാനത്തിന് പകരമായി ഊർജകാര്യക്ഷമമായ വെർട്ടിക്കൽ ആക്സിസ് ടർബൈൻ പമ്പ് സ്ഥാപിച്ചു. പ്രസ്തുത പദ്ധതി 2023 ഫെബ്രുവരിയിൽ വിജയകരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. പദ്ധതിക്കായി ചെലവഴിച്ച 18.76 ലക്ഷം രൂപ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) മുഖേന ലഭിച്ചതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ ദ്യുതി പ്രദ്ധതി പ്രകാരം ചെയ്ത വർക്കുകൾ

| ക്രമ. നം. | പ്രവൃത്തിയുടെ ഇനം | അളവ് | വിനിയോഗിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 16 എണ്ണം | 75.16 |
| 2 | ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ | 45 എണ്ണം | 170.95 |
| 3 | പുതിയ HT ലൈൻ നിർമ്മാണം (Bare Conductor) | 7.72 കി.മീ. | 146.88 |
| 4 | പുതിയ HT ലൈൻ നിർമ്മാണം ABC ഉപയോഗിച്ച് | 11.35 കി.മീ. | 174.58 |
| 5 | HT UG കേബിൾ | 1.4 കി.മീ. | 44.4 |
| 6 | പുതിയ LT ലൈൻ നിർമ്മാണം (Bare Conductor) | 0.74 കി.മീ. | 6.01 |
| 7 | പുതിയ LT ലൈൻ നിർമ്മാണം ABC ഉപയോഗിച്ച് | 6 കി.മീ. | 22.3 |
| 8 | എൽ.ടി. റീകണ്ടക്ടറിംഗ് | 2.07 കി.മീ. | 6.17 |
| 9 | ABC ഉപയോഗിച്ച്എൽ.ടി. റീകണ്ടക്ടറിംഗ് | 95.51 കി.മീ. | 626.85 |
| 10 | സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്നത് | 12.1 കി.മീ. | 50.57 |
| 11 | കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് എൽ.ടി. ലൈൻ കമ്പി മാറ്റൽ | 3.2 കി.മീ. | 7.2 |
| 12 | ലൈനുകൾ ബലപ്പെടുത്തുന്നതിനും പോസ്റ്റുകൾ നവീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ | വിവിധ സ്ഥലങ്ങളിൽ | 169.05 |
| 13 | ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നത് | 2 എണ്ണം | 3.1 |
| **ആകെ** | | | **1,503.22** |
| **പി.പി.എസ്.** | | | |
| 1 | സ്ട്രീറ്റ് ലൈറ്റ് പ്രവൃത്തികൾ | 11.4 കി.മീ. | **64 ലക്ഷം** |

അനുബന്ധം - 2

***List of Pole mounted Charging Stations in Alapuzha Constituency***

| SL No. | Location Name | Section | Amount (in Lakhs) | Date of Completion |
|---|---|---|---|---|
| 1 | Kalappura, Near Govt.Guest House, Alappuzha North ES | Alappuzha North | 1.67 | 14-11-2022 |
| 2 | Near Plaza Hotel, Kalavoor ES | Kalavoor | | |
| 3 | Near Daivam hotel, Pathirapally ES | Pathirapally | | |
| 4 | Mararikulam Near Kalithattu, SL Puram ES | SL Puram | | |
| 5 | Mannencherry School Jn. Muhamma ES | Muhamma | | |
| 6 | Alappuzha town square | Alappuzha North | | |

**അനുബന്ധം–3**

**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ, ചെലവഴിച്ച തുക, പൂർത്തികരിച്ച തീയതി എന്നിവയുടെ വിശദാംശങ്ങൾ**

| Sl. No. | INSTITUTION | PROJECT | CAPACITY ( kW) | DEPOSITED AMOUNT | WORK ORDER AMOUNT (Without ANERT Service Charge) | CURRENT STATUS | COMPLETION DATE |
|---|---|---|---|---|---|---|---|
| 1 | Mannancherry West Milma Society | On Grid Power Plant | 2 | 1,76,000 | 1,13,869 | Under Maintenance | 21-05-2022 |
| 2 | Aryad GramaPanchayath | Soura Suvidha Kit | 15 Nos | 57,735 | 52,350 | Distributed | |
| 3 | Mararikulam North GramaPanchayath | Soura Suvidha Kit | 28 Nos | 1,07,772 | 97,720 | Distributed | |
| 4 | Aryad Block Panchayath | On Grid Power Plant | 6 | 4,45,500 | 2,60,120 | Working | 20-12-2024 |